(ഇ) 1986-ലെ ഡയറി തന്നെ ചെലവു ചുരുക്കിയാണ് അച്ചടിപ്പിച്ചിട്ടുള്ളത്. ഇനിയും ഇക്കാര്യത്തിൽ ചെലവു ചുരുക്കിയാൽ ഡയറിയുടെ ഗുണനിലവാരം വളരെയേറെ നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് ഈ നിർദ്ദേശം പരിഗണിക്കുവാൻ നിർവാഹമില്ല.

ഹരിജനങ്ങൾക്കു വേണ്ടിയുള്ള ട്രെയിനിംഗ് കം-പ്രൊഡക്ഷൻ സെൻററുകൾ

60 [68] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

,, ടി. കെ. അറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ വർക്കിംഗ് വിമൻസ് വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഹരിജന വനിതകൾക്കുവേണ്ടി സംസ്ഥാനത്ത് എത്ര ട്രെയിനിംഗ് കം-പ്രൊഡക്ഷൻ സെൻററുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു ;

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നും ട്രെയിനിംഗ് കഴിഞ്ഞവർക്ക് തുടർച്ചയായി തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ സാഹചര്യം ഉണ്ടാക്കുമോ ;

(ഡി) കേരള ടെക്സ്റൈൽ കോർപ്പറേഷൻറെ സഹകരണത്തോടുകൂടി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന യൂണിറ്റിലെ തൊഴിലാളികളുടെ ദയനീയ സ്ഥിതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട്. ഇതിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വന്നിരുന്ന സെൻറർ പ്രവർത്തനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാകാത്തതിനാൽ താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്.

(ബി, സി) ഈ സെൻററുകൾ തൊഴിൽ പരിശീലനം നൽകാൻവേണ്ടി മാത്രം ഉദ്ദേശിച്ചുകൊണ്ട് തുടങ്ങിയവയാണ്.

(ഡി) പരിശീലനത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളില്ലെന്നും ഉൽപ്പാദിപ്പിച്ച സാധനങ്ങളുടെ വിപണനത്തിൽ മാന്ദ്യം സംഭവിച്ചിരിക്കുകയാണെന്നും അതുകൊണ്ട് താൽക്കാലികമായി ഈ സെൻററിൻറെ പ്രവർത്തനം നിറുത്തിവച്ചിരിക്കുകയാണെന്നും ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് എന്തു നടപടികളെടുക്കാനാവുമെന്ന് പരിശോധിച്ചു വരുന്നു.

സാമൂഹ്യക്ഷേമ വകുപ്പിൻറെ കീഴിലുള്ള ഹീഡിംഗ് സെൻററുകൾ

61. [69] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. കെ. ടി. കുമാരൻ :

LIBRARY ARCHIVES Kerala Legislative Assembly